LIBRARY ARCHIVES Kerala Legislative Assembly

(12) വെണ്ണി പാലത്തിന്റെ പുനർ നിർമ്മാണം

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, നമ്മുടെ സംസ്ഥാനത്തെ മുഖ്യ വൈദ്യുതി സ്രോതസ്സായ ഇടുക്കി ഡാമിലേയ്ക്ക് വെള്ളമെത്തിക്കുന്നതിൽ നിർണ്ണായകമായ സംഭാവന നൽകുന്ന താലൂക്കാണ് പീരുമേട് താലൂക്ക്. നാൽപ്പത്തിയേഴിലധികം ചെറിയ നദികളും അതോടൊപ്പംതന്നെ തോടുകളിലൂടേയും അഴുത ഡൈവേർഷൻ സ്കീമിലൂടേയും കുറ്റിയാർ ഡൈവേർഷൻ സ്കീമിലൂടേയും വെള്ളം ഇടുക്കി ഡാമിലേയ്ക്ക് എത്തിക്കുന്നതിന് വലിയ സംഭാവന വഹിക്കുന്നുണ്ട്. എന്നാൽ ഒരോ മഴക്കാലത്തും ഉണ്ടാകുന്ന പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിലുംപെട്ട് പീരുമേട് താലൂക്കിലെ നിരവധി പാലങ്ങളും റോഡുകളും തകരുന്നു. ഈ മഴക്കാലത്ത് ശക്തമായി ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് വെണ്ണിപാലവും അതോടൊപ്പംതന്നെ രണ്ട് പ്രധാന റോഡുകളും ഒലിച്ചുപോയി. വട്ടപ്പതാൽ റോഡ് ഏതാണ്ട് 5 കിലോമീറ്ററോളമാണ് ശക്തമായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഒഴുകിപ്പോയത്. അതുപോലെ കോഴിക്കാനം റോഡിന് മൂന്ന് കിലോമീറ്ററോളം പൂർണ്ണമായും നാശനഷ്ടമുണ്ടായി. ഈ പാലവും റോഡുകളും പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ഇത്തവണയുണ്ടായ കാലവർഷക്കെടുതിയും കാലാവസ്ഥാ വ്യതിയാനവുമൊക്കെ വച്ചുകൊണ്ട് പ്രത്യേകിച്ച് ഇടുക്കി, പത്തനംതിട്ട തുടങ്ങിയ വിവിധ പ്രദേശങ്ങളിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിക്കുന്ന ദുരിതാശ്വാസ നിധിയിലെ തുകകൊണ്ടു മാത്രം ചെലവുകൾ നിർവ്വഹിക്കാൻ കഴിയില്ല എന്ന സാഹചര്യത്തിൽ കഴിഞ്ഞ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം 10 കോടി രൂപ അതിരൂക്ഷമായ വെള്ളപ്പൊക്കമുണ്ടായ സ്ഥലങ്ങൾക്കുവേണ്ടി അഡീഷണലായി അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി ഇതുപോലുള്ള പ്രവൃത്തികൾ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ പാലത്തിന്റേയും റോഡുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി എത്രയും വേഗം ഗവൺമെന്റിലേയ്ക്ക് എത്തിക്കുക. അതനുസരിച്ച് ഫണ്ട് അനുവദിക്കാൻ ശ്രമിക്കുന്നതാണ്. കേന്ദ്ര സംഘം 27-ാം തീയതി വരുമെന്നാണ് അറിയിച്ചിരുന്നത്. അത് ഞാൻ സഭയിൽ പറഞ്ഞിരുന്നു. അവർ അതിൽ ചെറിയ ഒരു മാറ്റം വരുത്തി. ജനുവരി 10 മുതൽ 13 വരെ കേന്ദ്ര സംഘം നമ്മുടെ സംസ്ഥാനത്ത് സന്ദർശിക്കുന്നുണ്ട്. ആ പ്രോഗ്രാമിൽ ഇടുക്കി ജില്ലയിലെ ഈ പറഞ്ഞ പ്രദേശങ്ങൾകൂടി സന്ദർശിക്കുന്ന കാര്യം ഉൾപ്പെടുത്തുന്നതാണ്.

(13) കാരായ്മ-കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ

ശ്രീ. എ. പ്രദീപ്കുമാർ : സർ, കോഴിക്കോട്-പൊന്നാനി താലൂക്കുകളിലുള്ള ആയിരക്കണക്കിന് വരുന്ന കാരായ്മ-കുടിയാന്മാർക്ക് സൗകര്യാവകാശം ഉറപ്പുവരുത്താൻ ഒരു നിയമം നിർമ്മിക്കണമെന്ന് ഈ സഭയിൽ തന്നെ ഞാൻ നാലാമത്തെ തവണയാണ് ആവശ്യം ഉന്നയിക്കുന്നത്. വളരെ വർഷങ്ങൾക്കു മുമ്പുതന്നെ സഭയിൽ ഈ ആവശ്യം ഉന്നയിക്കപ്പെട്ടതാണ്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഭാഗമായി പരിഹരിക്കപ്പെടേണ്ട പ്രശ്നം പരിഹരിക്കാതെ വന്നപ്പോൾ